# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 557** — **25.10.2011 ൽ മറുപടിയ്ക്ക്**

## എയ്ഡഡ് സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ജി. സുധാകരൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) എയ്ഡഡ് സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; | (എ) കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 6 - ലെയും കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III റൂൾ 5 എ -ലെയും വ്യവസ്ഥ-കൾക്കു വിധേയമായി മാത്രമേ സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് കൈമാറ്റം ചെയ്യാനാവുക-യുള്ളു. എയ്ഡഡ് സ്ക്കൂളിന്റെ വസ്തുവകകളും മറ്റു സ്വത്തുക്കളും വില്ക്കുകയോ, പണയപ്പെടുത്തുകയോ, പാട്ടത്തിനു നൽകുകയോ ചെയ്യുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റാങ്കിൽ കുറയാത്ത അധികാരിയുടെ രേഖാമൂലമുള്ള അനുമതിയോടെ മാത്രമേ നടത്താനാവുകയുള്ളു എന്ന് വിദ്യാഭ്യാസ നിയമം 6 നിഷ്കർഷിക്കുന്നു. സ്ക്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ ബന്ധപ്പെട്ട അധികാരികൾക്ക് അപ്രകാരമുള്ള അനുമതി നൽകാനാവൂ. എയ്ഡഡ് സ്ക്കൂളിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റിന്റെ കൈമാറ്റം വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താനാവുകയുള്ളൂ എന്ന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III റൂൾ 5 എ യിൽ |

വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബഹു. ഹൈക്കോടതി 10.11.2011 ലെ വിധിന്യായത്തിലൂടെ അപ്രകാരം കൈമാറ്റം ചെയ്യുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയും ആയത് ശരിവെച്ചിട്ടുണ്ട്. തദനുസൃതമായി ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്.

| | |
|---|---|
| (ബി) എയ്ഡഡ് സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട സ്ക്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) സമീപകാലത്ത് ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട സ്ക്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു. തിരൂർ വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള രായിരിമംഗലം ഹൈസ്ക്കൂൾ, കെ.എച്ച്.എം എച്ച്. എസ്. എസ്. ആലത്തിയൂർ, പാലക്കാട് വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള സി.എ.എച്ച്.. എസ്., ആയക്കാട്, വണ്ടൂർ വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള തച്ചിങ്ങനാടം എച്ച്.എസ്. എസ്. തലശ്ശേരി വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള ചെമ്പിലോട് ഹൈസ്ക്കൂൾ തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള വയ്യാക്കാവ് എം.സി. കെ. യു.പി.എസ്, തൃശ്ശൂർ ജില്ലയുടെ കീഴിലുള്ള ആലത്തൂർ എ.എൽ.പി. സ്ക്കൂൾ എന്നിവയാണ് അടുത്തകാലത്തായി കൈമാറ്റം ചെയ്യപ്പെട്ടത്. |
| (ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്ന പല സ്ക്കൂളുകൾക്കും സൗജന്യമായാണ് സ്ഥലം ലഭിച്ചതെന്നും ഇത് വൻവിലയ്ക്ക് വിറ്റ് സ്വകാര്യ വ്യക്തികൾ ലാഭമുണ്ടാക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) കൈമാറ്റം ചെയ്യപ്പെടുന്ന സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോയെന്നറിക്കുമോ? | (ഇ) സ്ക്കൂൾ കോമ്പൗണ്ട് മറ്റു ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോയെന്ന് വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശനം നടത്തുമ്പോൾ പരിശോധിക്കാറുണ്ട്. |

Sd/

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

കേരള വിദ്യാഭ്യാസ ചട്ടം 6 - ലെയും കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം III റൂൾ 5 എ - ലെയും വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് കൈമാറ്റം ചെയ്യാനാവുകയുള്ളൂ. എയ്ഡഡ് സ്ക്കൂളിന്റെ വസ്തുവകകളും മറ്റു സ്വത്തുകളും വില്ക്കുകയോ, പണയപ്പെടുത്തുകയോ, പാട്ടത്തിനു നൽകുകയോ ചെയ്യുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റാങ്കിൽ കുറയാത്ത അധികാരിയുടെ രേഖാമൂലമുള്ള അനുമതിയോടെ മാത്രമേ നടത്താനാവുകയുള്ളൂ എന്ന് വിദ്യാഭ്യാസ ചട്ടം 6 നിഷ്കർഷിക്കുന്നു. സ്ക്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ ബന്ധപ്പെട്ട അധികാരികൾക്ക് അപ്രകാരമുള്ള അനുമതി നൽകാനാവൂ. എയ്ഡഡ് സ്ക്കൂളിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റിന്റെ കൈമാറ്റം വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താനാവുകയുള്ളൂ എന്ന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III റൂൾ 5 എ യിൽ വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിലുള്ള കൈമാറ്റം സ്ക്കൂളിന്റെ തുടർന്നുള്ള പ്രവർത്തനത്തെയോ സ്റ്റാഫിന്റെ അവകാശങ്ങളെയോ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 10.11.2010 - ലെ ഡബ്ല്യൂ.പി.(സി) 28888/10 നമ്പർ കേസിലെ വിധി ന്യായത്തിൽ ഒരു റണ്ണിംഗ് സ്കൂളിന്റെ മാനേജ്മെന്റും ഉടമസ്ഥാവകാശവും കൈമാറ്റം ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വിധി പുറപ്പെടുവിക്കുകയുണ്ടായി. ഈ

വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് സർക്കാർ ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും ബഹു. കോടതി അത് അനുവദിക്കുകയുണ്ടായില്ല.

ഉടമസ്ഥാവകാശം കൈമാറ്റം ചെയ്തിട്ടുള്ള സ്കൂളുകളുടെ എല്ലാം വിവരം ലഭ്യമല്ല. കാരണം കാലയളവ് ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ല. രായിരിമംഗലം ഹൈസ്കൂൾ (തിരൂർ വിദ്യാഭ്യാസജില്ല), കെ.എച്ച്.എം.എച്ച്.എസ്.എസ്. (ആലത്തിയൂർ), സി.എ.എച്ച്.എസ്. ആയക്കാട് (പാലക്കാട് വിദ്യാഭ്യാസ ജില്ല), തച്ചിങ്ങനാടം എച്ച്.എസ്.എസ്. (വണ്ടൂർ വിദ്യാഭ്യാസ ജില്ല), ചെമ്പിലോട് ഹൈസ്കൂൾ (തലശ്ശേരി വിദ്യാഭ്യാസ ജില്ല), വയ്യാക്കാവ് എം.എസി.കെ. യു.പി.എസ്. (തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല), ആലത്തൂർ എ.എൽ.പി. സ്കൂൾ (തൃശ്ശൂർ ജില്ല) എന്നിവയാണ് സമീപകാലത്തായി കൈമമാറ്റം ചെയ്യപ്പെട്ട സ്കൂളുകൾ.

സ്കൂൾ കോമ്പൗണ്ട് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നില്ല എന്ന് വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശനവേളയിൽ പരിശോധിക്കാറുണ്ട്.

Sd/-
S.O